പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1131 30.09.2016 -ൽ മറുപടിക്ക്

# ചെമ്പൻ കൊലുമ്പൻ സമാധി നവീകരണം

ചോദ്യം

ശ്രീ. റോഷി അഗസ്റ്റിൻ

മറുപടി

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
(ബഹു.തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | ടൂറിസം വകുപ്പിന്റെ ഫണ്ട് വിനിയോഗിച്ച്, പുരാവസ്തുവകുപ്പ് മുഖേന നിർമ്മിക്കുന്ന ഇടുക്കി ആദിവാസി ഗോത്രത്തലവൻ ചെമ്പൻ കൊലുമ്പന്റെ സമാധിസ്ഥലം നവീകരിക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ; | (എ) | ആദിവാസി ഗോത്രത്തലവൻ ചെമ്പൻ കൊലുമ്പന്റെ സമാധി സ്ഥലം നവീകരിക്കുന്നതിനുള്ള നിർമ്മാണ പ്രവൃത്തികൾക്കുള്ള ടെണ്ടർ നടപടി പൂർത്തിയായിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ നിർമ്മാണത്തിന് എത്ര തുക അനുവദിച്ചെന്നും ആയതിന് ഭരണാനുമതി ലഭിച്ചത് എന്നാണെന്നും വ്യക്തമാക്കുമോ ; | (ബി) | 01.10.2015 ലെ സ.ഉ.(സാധാ) നം.493/15/ ടൂറിസം നമ്പർ ഉത്തരവ് പ്രകാരം 70,00000/- (എഴുപത് ലക്ഷം രൂപാ മാത്രം) രൂപയുടെ ഭരണാനുമതി ലഭിച്ചതനുസരിച്ച് പ്രസ്തുത തുകയുടെ 80% ആയ 56 ലക്ഷം രൂപ പദ്ധതി നടത്തിപ്പിനായി ടൂറിസം വകുപ്പിൽ നിന്നും പുരാവസ്തു വകുപ്പിന് 19.12.15 ന് ലഭിക്കുകയും ചെയ്തു. |
| (സി) | പ്രസ്തുത പദ്ധതിയുടെ നിർമ്മാണം എന്ന് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ? | (സി) | വകുപ്പിലെ സംരക്ഷണ നവീകരണ ചുമതലയുള്ള കൺസർവേഷൻ എൻജിനിയറുടെ തസ്തിക ഒഴിഞ്ഞു കിടക്കുന്നതായും, ആയത് പിഎസ്സ്സിക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും, മേൽ ഒഴിവ് നികത്തുന്ന മുറക്ക് നവീകരണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണെന്നും പുരാവസ്തു വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ